ഭരണഭാഷ-മാതൃഭാഷ

**അമാൽഗമേറ്റഡ് ഫണ്ട് സെക്ഷൻ, സൈനിക ക്ഷേമ ഡയറക്ടറേറ്റ് , വികാസ്ഭവൻ, തിരുവനന്തപുരം 33**

ഡി-3/11468/2019/ഡി.എസ്.ഡബ്ല്യു തീയതി : തിരുവനന്തപുരം, 30 ഡിസംബർ 2019.

**സർക്കുലർ**

വിഷയം:- അമാൽഗമേറ്റഡ് ഫണ്ട് - വിമുക്തഭടന്മാരുടെ ആശ്രിതരായ മക്കൾ/ഭാര്യ എന്നിവർക്ക് സ്കോളർഷിപ്പ് - 2019-20 അപേക്ഷ പ്രോസസ് ചെയ്യുന്നത് സംബന്ധിച്ച് - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) 10.03.1977 തീയതിയിലെ ജി.ഒ.(പി)88/77/ജി.എ.ഡി. നമ്പരായ സർക്കാർ ഉത്തരവ്
2) 20.01.2016 തീയതിയിലെ ഡി-3/0540/2016/ഡി.എസ്.ഡബ്ല്യു നമ്പരായ സർക്കുലർ.
3) 06.07.2011 തീയതിയിലെ 7471/എഎഫ്-4/2011/ഡി.എസ്.ഡബ്ല്യു നമ്പരായ കത്ത്.

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം, വിമുക്തഭടന്മാരുടെ, തൊഴിലധിഷ്ഠിത/ പ്രവൃത്തിപര/സാങ്കേതിക കോഴ്സുകളിൽ പഠിക്കുന്ന ആശ്രിതർക്ക്, അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പ് നൽകുന്നു. 2019-20 ലെ അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പിനുള്ള അപേക്ഷ പ്രോസസ് ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം വരും ഖണ്ഡികകളിലൂടെ നൽകുന്നു.

2. 07/11/2019 തീയതിയിലെ 78-ാമത് സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി മീറ്റിംഗിൽ അംഗീകരിച്ച കോഴ്സുകളും സ്കോളർഷിപ്പ് നിരക്കുകളും താഴെ കൊടുത്തിരിക്കുന്നു.

| Course | Rate |
|---|---|
| MBBS | ₹.10000 |
| BDS/BHMS/BAMS/BVSc/BFSc/BSC (Agri) | ₹.8000 |
| B Tech/BE | ₹.8000 |
| Aircraft Maintenance Engineering / AMIE | ₹.6000 |
| BSc Nursing/ BSc MLT/B Pharm/BPT | ₹.5000 |
| MCA/MBA/LLM/M.Ed/MSc Technical Courses/ | ₹.5000 |
| General Nursing | ₹.4000 |
| Politechnic Courses/Diploma | ₹.4000 |
| B.Ed | ₹.4000 |
| Hotel Management/ DCA/PGDCA | ₹.3000 |
| BSc Technical Courses | ₹.3000 |
| TTC/ITI/ITC/THSE/COPA/HDC/Tourism | ₹.3000 |

കുറിപ്പ്

മുകളിൽ കൊടുത്തിട്ടില്ലാത്തതും അപൂർവ്വസ്വഭാവമുള്ളതുമായ തൊഴിലധിഷ്ഠിത/ പ്രവൃത്തിപര/സാങ്കേതിക കോഴ്സുകളുടെ സ്കോളർഷിപ്പ് നിരക്ക്, കോഴ്സിന്റെ ദൈർഘ്യവും ആയ ചെലവും കണക്കിലെടുത്ത് അമാൽഗമേറ്റഡ് ഫണ്ട് സെക്രട്ടറി നിശ്ചയിക്കുന്നതായിരിക്കും. ആയതിനാൽ മുകളിൽ കൊടുത്തിട്ടില്ലാത്തതും, അംഗീകാരം ഉള്ളതുമായ തൊഴിലധിഷ്ഠിത/ പ്രവൃത്തിപര/സാങ്കേതിക കോഴ്സുകൾക്ക് വേണ്ടിയും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. 14/12/2009 ലെ എക്സിക്യൂട്ടീവ് സബ്-കമ്മിറ്റി ഈ സ്കീമിൽ വിമുക്തഭടന്മാരുടെ ഭാര്യമാരെക്കൂടി ഉൾപ്പെടുത്തി. **77-ാമത്തെ അമാൽഗമേറ്റഡ് ഫണ്ട് മീറ്റിംഗ് തീരുമാനപ്രകാരം സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 2019-20 മുതൽ ഒഴിവാക്കിയിട്ടുണ്ട്.**

3. **വേണ്ട യോഗ്യതകൾ**

എ) അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പിന് ഫുൾ-ടൈം തൊഴിലധിഷ്ഠിത/പ്രവൃത്തിപര/ സാങ്കേതിക കോഴ്സുകൾക്ക് പഠിക്കുന്ന വിമുക്തഭടന്മാരുടെ, ആശ്രിതരായ മക്കൾ, ഭാര്യ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്.

ബി) കോഴ്സിൽ പ്രവേശനം നേടുന്ന സമയത്ത് ആശ്രിതരായ മക്കളുടെ പ്രായപരിധി ഇരുപത്തിയഞ്ചു വയസ്സിൽ താഴെയായിരിക്കണം.

സി) വിവാഹിതരായ/തൊഴിലുള്ള കുട്ടികൾ തൊഴിലുള്ള ഭാര്യ, എന്നിവർ സ്കോളർഷിപ്പിന് അർഹരല്ല. മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവരും, ഇതേ കോഴ്സിന് ഫീസിളവ് ലഭിക്കുന്നവരും സ്കോളർഷിപ്പിന് അർഹരല്ല.

ഡി) വിദ്യാർത്ഥി പഠിക്കുന്ന കോഴ്സിന് വേണ്ടിയുള്ള യോഗ്യതാ പരീക്ഷയിൽ (കഴിഞ്ഞ) 50% ത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം. (ഉദാഹരണത്തിന് പോസ്റ്റ് ഗ്രാജ്വേഷൻ ഒന്നാം വർഷം പഠിക്കുന്ന വിദ്യാർത്ഥി ഗ്രാജ്വേഷന് 50% ത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം). അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥി പഠിക്കുന്ന കോഴ്സിന് പാസ് മാർക്ക് നേടുന്നില്ലെങ്കിൽ (അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പ് ലഭിച്ച വർഷ പരീക്ഷയിൽ) വരും വർഷം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല. (പരാമർശം മൂന്ന് കത്തിലെ ഖണ്ഡിക പത്തിൽ പറഞ്ഞിരിക്കുന്ന ഇല്ലസ്ട്രേഷൻ ശ്രദ്ധിക്കുക)

ഇ) അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പ്, ഒരു വിദ്യാർത്ഥിക്ക് രണ്ടിൽ കൂടുതൽ പ്രാവശ്യം നൽകുന്നതല്ല.

കുറിപ്പ്

പഠിക്കുന്ന കോഴ്സിന് വിദ്യാർത്ഥിക്ക് മറ്റു സ്കോളർഷിപ്പുകൾ ലഭിക്കുന്നില്ലായെന്നുറപ്പു വരുത്തേണ്ടതാണ്. അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പ് ഗുണഭോക്താക്കൾ, ഒരേ സമയത്ത് പ്രൈംമിനിസ്റ്റർ സ്കോളർഷിപ്പിനും അപേക്ഷിച്ചിരിക്കാൻ സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കേണ്ടതാണ്. പ്രൈംമിനിസ്റ്റർ സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പ് നൽകരുത്. പ്രൈംമിനിസ്റ്റർ സ്കോളർഷിപ്പ് ഗുണഭോക്താക്കളുടെ ലിസ്റ്റ് വരും വർഷങ്ങളിലേക്ക് വേണ്ടി സൂക്ഷിക്കേണ്ടതാണ്. (പഠിക്കുന്ന കോഴ്സിന്, പ്രൈംമിനിസ്റ്റർ സ്കോളർഷിപ്പ് ലഭിക്കുന്ന കാലയളവിൽ അമാൽഗമേറ്റഡ് ഫണ്ട് സ്കോളർഷിപ്പ് ലഭിക്കുന്നില്ലെന്നുറപ്പുവരുത്തുന്നതിനുവേണ്ടി)

4. ജില്ലാ സൈനിക ക്ഷേമ ഓഫീസുകളിലേക്ക് അപേക്ഷാഫാറം ആവശ്യമുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അടിയന്തിരമായി ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്..

5. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

അപേക്ഷഫാമിന്റെ നാലാമത്തെ പേജിൽ പറഞ്ഞിരിക്കും പ്രകാരം പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും കൂടാതെ ഓരോ അപേക്ഷയ്ക്കൊപ്പവും ഒരു ചെക്ക് ലിസ്റ്റ് കൂടി ഉള്ളടക്കം ചെയ്യണം. ഡിസ്ചാർജ്ജ് ബുക്ക്, പെൻഷൻ പേമെന്റ് ഓർഡർ ഇവയുടെ പകർപ്പ് അനുബന്ധമാക്കേണ്ടതില്ല.

6. പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സ്വീകരിക്കുന്ന വേളയിൽ, ജില്ലാ സൈനിക ക്ഷേമ ഓഫീസർ, അപേക്ഷ പരിശോധിച്ച് എല്ലാം ശരിയായി പൂരിപ്പിച്ചിട്ടുണ്ടെന്നുറപ്പവരുത്തേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും ഒരുമിച്ച്, 2020 ജനുവരി മാസം മുപ്പത്തി ഒന്നാം തീയതിക്കുമുമ്പായി ഡയറക്ടറേറ്റിലെത്തത്തക്കവിധം അയയ്ക്കേണ്ടതാണ്. അപേക്ഷകരുടെ ലിസ്റ്റ് (നോമിനൽ റോൾ - നാല് പകർപ്പ്) കൂടി അയയ്ക്കേണ്ടതാണ്. മുഴുവൻ അപേക്ഷകളും അനുബന്ധ രേഖകളും കോഴ്സടിസ്ഥാനത്തിൽ ക്രമ നമ്പർ ഒന്നുമുതൽ അവസാനത്തെ നമ്പർ വരെ ഒരുമിച്ച്, അയയ്ക്കേണ്ടതാണ്.

| ക്ര. നം. | അപേക്ഷകന്റെ/ അപേക്ഷകയുടെ പേര് | വിമുക്തഭട നുമായുള്ള ബന്ധം | വിമുക്തഭടന്റെ നമ്പർ, റാങ്ക്, പേര് | കോഴ്സിന്റെ പേര് വർഷം/ സെമസ്റ്റർ | അഭിപ്രായം |
|---|---|---|---|---|---|
| | | | | | |

കുറിപ്പ്

"അഭിപ്രായം" എന്നിടത്ത് സ്കോളർഷിപ്പ് നിരക്ക് എഴുതാൻ വേണ്ടി (ഡയറക്ടറേറ്റിലേക്ക്) ഒഴിച്ചിട്ടാൽ മതിയാകും (ജില്ലാ സൈനിക ക്ഷേമ ഓഫീസർ ഒന്നും എഴുതേണ്ടതില്ല.)

8. **അപേക്ഷഫാറം കണക്ക് സൂക്ഷിക്കുന്നത്.**

അപേക്ഷഫാറം വിതരണം ചെയ്യുന്നത് രജിസ്റ്ററിൽ ശരിയായ എഴുതിയിട്ടായിരിക്കണം. ഈ രജിസ്റ്റർ സൈനിക ക്ഷേമ ഡയറക്ടറേറ്റിൽ നിന്നുള്ള ഇൻസ്പെക്ഷൻ ടീം പരിശോധിക്കുന്നതായിരിക്കും. പൂരിപ്പിച്ച അപേക്ഷ മാത്രം ഡയറക്ടറേറ്റിലേക്കയച്ചാൽ മതി. പൂരിപ്പിച്ച അപേക്ഷ ഫാറം ജില്ലാ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതിക്ക് ശേഷം മേൽ രജിസ്റ്ററിൽ താഴെ കൊടുക്കുന്ന മാതൃകയിൽ സംഗ്രഹം (സമ്മറി) എഴുതേണ്ടതാണ്.

| അപേക്ഷഫാറം മുൻ ബാക്കി | അപേക്ഷാ ഫാറം കിട്ടിയത് | ആകെ ഫാറം | വിതരണം ചെയ്തത് | തിരികെ സമർപ്പിച്ചത് | പാഴായത്/തിരികെ സമർപ്പിക്കാത്തത് | ബാക്കി ഫാറം |
|---|---|---|---|---|---|---|
| | | | | | | |

<u>കുറിപ്പ്</u>

അപേക്ഷയും അനുബന്ധ രേഖകളും ഡയറക്ടറേറ്റിലേക്കയക്കുമ്പോൾ മേൽ മാതൃകയിൽ സംഗ്രഹം (സമ്മറി) കൂടി ആമുഖ കത്തിനൊപ്പം ഉള്ളടക്കം ചെയ്യണം.

9. 20.01.2016 തീയതിയിലെ ഡി-3/0540/2016/ഡി.എസ്.ഡബ്ല്യു നമ്പരായ സർക്കുലർ 30.12.2019 തീയതി മുതൽ റദ്ദാകുന്നതായിരിക്കും. 06.07.2011 തീയതിയിലെ 7471/എഎഫ്-4/2011/ഡി.എസ്.ഡബ്ല്യു നമ്പരായ കത്ത്, സ്കോളർഷിപ്പിന് വേണ്ടിയുള്ള യോഗ്യതാ പരീക്ഷാ മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ് സമർപ്പണത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്നതായിരിക്കും.

സൈനിക ക്ഷേമ ഡയറക്ടർ &
അമാൽഗമേറ്റഡ് ഫണ്ട് സെക്രട്ടറി

<u>വിതരണം</u>

1. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും
2. ഡി-1 3. സ്റ്റോക്ക് ഫയൽ 4. ഓഫീസ് കോപ്പി
5. വെബ് സെക്ഷൻ